
# കേരള വിനോദസഞ്ചാര നയം
# 2012

**ടൂറിസം വകുപ്പ്**

**കേരള സർക്കാർ**



**ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി
കേരളം

02/06/2012

## സന്ദേശം

വിനോദസഞ്ചാര വകുപ്പ്, വിനോദസഞ്ചാര നയം – 2012 പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വളരെയേറെ മുന്നേറ്റം നടത്തിയ വിനോദസഞ്ചാര മേഖല കേരളത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളിലൊന്നാണ്. വകുപ്പ് തുടക്കമിട്ട പല പദ്ധതികളും അഭിനന്ദനാർഹമാണ്. ഇന്ത്യയിലെ ഏറ്റവും പ്രിയങ്കരമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി കേരളത്തെ മാറ്റുവാൻ ഇവ വളരെയേറെ സഹായകമായി.

ദേശീയ, അന്തർദേശീയ തലങ്ങളിൽ വകുപ്പിനുണ്ടായ നേട്ടങ്ങൾ, കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ മൂല്യം വീണ്ടും ഉയർത്തിയിട്ടുണ്ട്. നമ്മുടെ പാരമ്പര്യം, സാംസ്കാരിക മൂല്യങ്ങൾ, പൊതുജനതാത്പര്യം എന്നിവ സംരക്ഷിക്കുന്നതോടൊപ്പം ഏറ്റവും മികച്ച ലക്ഷ്യസ്ഥാനമായി കേരളത്തെ അവതരിപ്പിച്ചുകൊണ്ട് ലോക മെമ്പാടുമുള്ള വിനോദസഞ്ചാരികൾക്ക് മികച്ച ആതിഥ്യമരുളാൻ വകുപ്പിന് തുടർന്നും കഴിയട്ടെ.

യാത്രികർ, പങ്കാളികൾ, മാധ്യമങ്ങൾ തുടങ്ങി സംസ്ഥാന വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിൽ ശ്രദ്ധാലുക്കളായവർക്ക് കേരളത്തിന്റെ സാഹചര്യം വ്യക്തമാക്കിക്കൊടുക്കുവാൻ വിനോദസഞ്ചാര നയത്തിന്റെ പുതിയ പതിപ്പിനാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ വിജയാശംസകളും!

**ഉമ്മൻ ചാണ്ടി**

**ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695 001**
ഫോൺ–ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342603 & (0481) 2351135




**എ.പി. അനിൽകുമാർ**

ടൂറിസം, പട്ടിക ജാതി-പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി

കേരളം

ഫോൺ { ഓഫീസ്: 2333833 / 2335266

**തിരുവനന്തപുരം**

തീയതി 01/06/2012


## സന്ദേശം

ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കാൽ നൂറ്റാണ്ടിനുമുമ്പ് സംസ്ഥാന സർക്കാർ ടൂറിസത്തെ ഒരു വ്യവസായമാക്കി പ്രഖ്യാപിച്ചത്. ചെറിയ നിലയിൽ തുടക്കം കുറിച്ച ടൂറിസം വ്യവസായം ഇന്ന് ഒരു കോടിയിൽപരം ടൂറിസ്റ്റുകളെ ആകർഷിക്കുകയും 19,037 കോടിയിലേറെ രൂപ വരുമാനം നൽകുകയും ചെയ്യുന്ന ഒന്നായി വളർന്നിരിക്കുന്നു. നമ്മുടെ സാദ്ധ്യതകളുടെ ഗണ്യമായ ഭാഗം ഇനിയും വിനിയോഗിക്കപ്പെടാതിരിക്കുമ്പോഴത്തെ ചിത്രമാണിത്.

ഇനിയും ഏറെ വളർച്ച പ്രതീക്ഷിക്കുന്ന ടൂറിസം വ്യവസായം പക്ഷെ നമ്മുടെ പാരമ്പര്യത്തിന്റേയും സംസ്കാരത്തിന്റേയും അടിത്തറയിൽ നിന്നുകൊണ്ടു മാത്രമെ വികാസം പ്രാപിക്കാവൂ എന്നത് നമ്മുടെ പ്രഖ്യാപിത നയമാണ്. അതോടൊപ്പം ടൂറിസം വ്യവസായമായി വളരുമ്പോൾ, അതിന്റെ സ്വാഭാവികമായ ശക്തി ദൗർബല്യങ്ങളെ തിരിച്ചറിയുകയും നമുക്കു സ്വീകാര്യമായവയെ പ്രോത്സാഹിപ്പിക്കുകയും മറ്റുള്ളവയെ നിയന്ത്രിക്കുകയും വേണം. ടൂറിസം വ്യവസായമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല വികസനമാണ് സർക്കാരിന്റെ മുഖ്യ അജണ്ട. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുകയും, അവരുടെ സഹകരണത്തോടെ നമ്മുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയുമാണ് അനിവാര്യമായിട്ടുള്ളത്. ഇവിടെയാണ് ശക്തമായ നയ സമീപനം ഒഴിച്ചു കൂടാനാവാത്ത ഒന്നായിത്തീരുന്നത്.

നയസമീപനം നാം വിഭാവനം ചെയ്യുന്ന വളർച്ചയുടെ അടിത്തറയാണ്. ഒരിക്കൽ നയം രൂപീകരിച്ചു കഴിഞ്ഞാൽ എക്കാലവും അതു പിന്തുടരുക അപ്രായോഗികമാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ശാസ്ത്ര സാങ്കേതിക മേഖലകളിലെ വളർച്ചയും ലോക സാഹചര്യവും വിലയിരുത്തി നയസമീപനത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ് സർക്കാർ നിലവിൽ വന്ന ഉടൻ തന്നെ കാലോചിതവും സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയ്ക്ക് പിന്തുണയേകുന്നതുമായ പുതിയ ടൂറിസം നയത്തിന് രൂപം നൽകാൻ തീരുമാനിച്ചത്. അത് ഒരു വർഷത്തിനുള്ളിൽ സാദ്ധ്യമായിരിക്കുന്നു എന്നത് അഭിമാനകരമായ നേട്ടമാണ്.

സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തിനിണങ്ങുന്ന നിലയിൽ, കേരളത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ സഹായവും, മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് ശക്തമായ പിന്തുണ നല്കുന്നതുമായ ഒരു ടൂറിസം നയമാണ് വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തി രൂപപ്പെടുത്തിയിട്ടുള്ളത്. ഈ നയരേഖ ടൂറിസം മേഖലയുടെയും തദ്വാര, സംസ്ഥാനത്തിന്റെയും സമഗ്ര വികസനത്തിന് പ്രയോജനപ്പെടുമെന്നും സർക്കാരും ടൂറിസം സംരംഭകരും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കുന്ന കണ്ണിയായി മാറുമെന്നും വിശ്വസിക്കുന്നു.

എ.പി. അനിൽകുമാർ

# ഉള്ളടക്കം


1. ആമുഖം 1

2. ഭാവിദർശനം 5

3. ദൗത്യം 5

4. ലക്ഷ്യങ്ങൾ 6

5. ഗുണമേന്മയുള്ള സന്ദർശന അനുഭവം 6

6. സമൂഹവും ടൂറിസവും 13

7. നിക്ഷേപം 16

8. വിപണനം 17

9. മനുഷ്യവിഭവശേഷി വികസനം 20

10. സംസ്ഥാന ടൂറിസം ഉപദേശകസമിതി 22

## 1. ആമുഖം

1.1 പുതിയ സാമ്പത്തിക ക്രമം ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ഇത് മൊത്തം ദേശീയ ഉല്പാദനത്തിലും വിവിധ മേഖലകളിൽ നിന്നുള്ള സംഭാവനകളിലും പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് സാങ്കേതിക രംഗത്തുണ്ടായ പുരോഗതിയും, വ്യാപാരമേഖലയിലുണ്ടായ വളർച്ചയും മറ്റു സേവന പ്രവർത്തനങ്ങളും ചേർന്ന് തൃതീയ മേഖലയെ (tertiary sector) വികസനത്തിന്റെ മുന്നണിയിലെത്തിച്ചു. ഇന്ത്യയും ഇതിന് അപവാദമല്ല. 2010 ലെ കണക്കനുസരിച്ച് ആഗോള ദേശീയ ഉല്പാദനത്തിന്റെ 63.29 ശതമാനം സേവന മേഖലയിൽ നിന്നാണ്. ഇന്ത്യയിലും കേരളത്തിലും ഇത് യഥാക്രമം 55.2 ശതമാനവും 66.28 ശതമാനവും ആണ്. പുത്തൻ സാമ്പത്തിക ക്രമത്തിൽ വികസ്വര രാജ്യങ്ങൾ, പ്രത്യേകിച്ച് ഇന്ത്യയും ചൈനയും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഇതിനൊപ്പം വികസിത സമ്പദ് വ്യവസ്ഥകളിലെ അഭിവൃദ്ധിയും കൂടിച്ചേർന്നപ്പോൾ ആഗോള വിനോദസഞ്ചാര മേഖലയ്ക്ക് ഒരു പുതിയ ഉണർവ്വു ലഭിച്ചു. എന്നാൽ 2008 - 2009 ലെ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് വിനോദസഞ്ചാര വ്യവസായം പിന്നോക്കം പോവുകയും അത് ഇന്ത്യയെ അടക്കം ബാധിക്കുകയും ചെയ്തു. തങ്ങളുടെ വികസന അജണ്ടയിൽ വിനോദസഞ്ചാരത്തെ തക്കതായ പ്രാധാന്യം നല്കി ഉൾപ്പെടുത്താൻ ദേശീയ ഗവൺമെന്റുകളെ പ്രേരിപ്പിക്കുന്ന നിർണ്ണായക ഘടകം തൊഴിൽ, വരുമാനം, വിദേശ നാണ്യം, പ്രാദേശിക വികസനം തുടങ്ങിയ മേഖലകളിൽ വിനോദസഞ്ചാരത്തിനുള്ള സാമ്പത്തിക പ്രാധാന്യമാണ്. പ്രകൃതിദത്തമായ സമ്പത്തും, സാംസ്കാരിക പൈതൃകവും വിനോദസഞ്ചാര വ്യവസായത്തിന്റെ മൂലധനമായി കണക്കാക്കപ്പെടുന്നു. ഇവയാൽ അനുഗ്രഹീതമായ പ്രദേശങ്ങൾ വിനോദസഞ്ചാര രംഗത്ത് അസാധാരണമായ വളർച്ച കൈവരിക്കുവാൻ സാധ്യതയുണ്ട്. പ്രായേണ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര മേഖലയെ, ദാരിദ്ര്യവും തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗമെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പ്രകൃതിയിലേക്കു മടങ്ങുവാനാണ് ആധുനിക വിനോദസഞ്ചാരി താല്പര്യപ്പെടുന്നതെന്ന കാര്യം മനസ്സിലാക്കി പ്രകൃതി, സമൂഹം, സംസ്കാരം ഇവയെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങൾ പകർന്നു നല്കുന്ന വിനോദസഞ്ചാര പരിപാടികളും തന്ത്രങ്ങളുമാണ് രാജ്യങ്ങൾ തയ്യാറാക്കുന്നത്. വിനോദസഞ്ചാര വ്യവസായത്തിൽ നിന്ന് പരമാവധി ഫലം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രദേശവാസികളെ 'ചോർച്ചകൾ കുറയ്ക്കുവാനും ബന്ധങ്ങൾ ശക്തിപ്പെടുത്താനുമായി' (minimize leakages and maximize linkages) ടൂറിസം പരിപാടികളിൽ പങ്കു ചേരുവാൻ പ്രേരിപ്പിക്കുന്നു. ഇന്ന് സുസ്ഥിര വികസനം (sustainable development) എന്ന ആശയത്തിന് പ്രത്യേക ഊന്നൽ നല്കി, ടൂറിസത്തിന് തങ്ങളുടെ വികസന മാതൃകയിൽ അർഹമായ സ്ഥാനം നല്കുവാൻ എല്ലാ സമ്പദ് വ്യവസ്ഥകളും ശ്രദ്ധിക്കുന്നുണ്ട്.

1.2 ആഗോള ടൂറിസം 919 ബില്യൺ യു.എസ്. ഡോളറിന്റെ (ഏതാണ്ട് നാല്പത്തഞ്ചു ലക്ഷം കോടി ഇന്ത്യൻ രൂപ) ഒരു വ്യവസായമാണ്. അത് 2010-ൽ 67 ബില്യൺ യു.എസ്. ഡോളറിന്റെ വർധനവ് വരുമാനത്തിലുണ്ടാക്കി അഞ്ചു ശതമാനം വളർച്ചാ നിരക്കു കൈവരിക്കുകയുണ്ടായി. 1950 ൽ 25 ദശലക്ഷം മാത്രമായിരുന്നു ആഗോള വിനോദസഞ്ചാരികളുടെ എണ്ണം. 2008-ൽ അത് 924 ദശലക്ഷത്തിലെത്തി. ഐക്യരാഷ്ട്ര ടൂറിസം സംഘടനയുടെ (UNWTO) 2010-ലെ താത്കാലിക കണക്കുകളനുസരിച്ച് തൊട്ടുമുൻവർഷത്തെക്കാൾ 6.6 ശതമാനം കൂടുതൽ വളർച്ച നേടി സഞ്ചാരികളുടെ എണ്ണം 940 ദശലക്ഷത്തിലെത്തി നില്ക്കുന്നു. 2010 ൽ ദേശീയ മൊത്ത വരുമാനത്തിന് (GDP) യാത്രാ - വിനോദസഞ്ചാര മേഖലകളുടെ ആകെ സംഭാവന, അതിന്റെ വിശാല സാമ്പത്തിക സ്വാധീനം ഉൾപ്പെടെ, 9.1 ശതമാനമാണ്. 258 ദശലക്ഷം തൊഴിലവസരങ്ങളാണ് ആകെ സൃഷ്ടിക്കപ്പെട്ടത്. ഇത് ആഗോള തൊഴിലവസരങ്ങളുടെ (Global employment) 8.8 ശതമാനമാണ്. ഈ നേട്ടത്തിനു കാരണമായി പറയുന്നത് പൊതു-സ്വകാര്യ പങ്കാളിത്തമടിസ്ഥാനമാക്കിയുള്ള ഒരു സംയോഗ കർമ്മ പദ്ധതിയും അതിന്റെ സാമൂഹ്യതലങ്ങളും (community interface) ആണ്.

1.3 ആഗോള വിനോദസഞ്ചാര വ്യവസായത്തിൽ ഇന്ത്യ താരതമ്യേന ഒരു പുതുമുഖമാണ്. ആഗോള വിനോദസഞ്ചാരമേഖലയിലെ വരുമാനത്തിന്റെ ഒരു ശതമാനവും (യു.എസ്. ഡോളർ 11.39 ബില്യൺ), സഞ്ചാരികളുടെ വരവിന്റെ ഒരു ശതമാനവും (5.58 ദശലക്ഷം) മാത്രമാണ് നമുക്കു ലഭിക്കുന്നതെങ്കിലും, ഇത് ദേശീയ സമ്പദ് വ്യവസ്ഥയുടെ ഒരു സജീവ ഭാഗമായി മാറിക്കഴിഞ്ഞു. ഇന്ത്യയിലേക്കുള്ള രാജ്യാന്തര വിനോദസഞ്ചാരികളുടെ വരവ് 1991-ലെ 16 ലക്ഷത്തിൽ നിന്നും 2010-ലെ താത്കാലിക കണക്കുകൾ സൂചിപ്പിക്കുന്നതു പോലെ 55.8 ലക്ഷത്തിലെത്തി നില്ക്കുമ്പോൾ വാർഷിക വളർച്ചാ നിരക്ക് 8.1 ശതമാനമാണ്. ഇതേ കാലയളവിൽ വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ള ആഭ്യന്തര വിനോദസഞ്ചാരം 66.6 ദശലക്ഷത്തിൽ നിന്ന് 740.21 ദശലക്ഷത്തിലെത്തി 10.7% വാർഷിക വളർച്ച രേഖപ്പെടുത്തി. വിദേശ നാണ്യവരുമാനം 1991-ലെ 1.86 ബില്യൺ യു.എസ്. ഡോളറിൽ നിന്നും 2010-ലെത്തുമ്പോൾ 14.19 ബില്യൺ യു.എസ്.ഡോളറായി (താത്കാലിക കണക്ക്) വർദ്ധിച്ചു. ഇവിടെ വാർഷിക വളർച്ചാ നിരക്ക് 24.6% ആണ്. ഇന്ത്യയുടെ ദേശീയ മൊത്തം ഉല്പാദനത്തിന് ടൂറിസം മേഖലയുടെ സംഭാവന 8.6 ശതമാനമായും, 49 ദശലക്ഷം തൊഴിലുകൾ ആയും കണക്കാക്കപ്പെടുന്നു. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളും ഉല്പന്നങ്ങളും അനുഭവങ്ങളും വികസിപ്പിച്ചെടുക്കുന്നതിലൂടെയും വിവിധ തരക്കാരായ സഞ്ചാരികളുടെ താല്പര്യങ്ങൾക്കനുസൃതമായ പരിപാടികൾ രൂപപ്പെടുത്തുന്നതിലൂടെയും ടൂറിസം വ്യവസായം അന്താരാഷ്ട്ര വിപണിയിൽ ഒരു കുതിച്ചു ചാട്ടത്തിന് തയ്യാറെടുക്കുകയാണ്. വരുന്ന ദശക

ത്തിൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം വളർച്ചാ കേന്ദ്രങ്ങളിലൊന്നായി ഇന്ത്യയെ WTTC അംഗീകരിക്കുന്നു. ട്രാവൽ-ടൂറിസം മേഖലയിലെ ആകെ സാമ്പത്തിക വ്യാപാരങ്ങളിൽ അടുത്ത പത്തു വർഷക്കാലം, 9.7 ശതമാനം എന്ന ഉയർന്ന വളർച്ചാ നിരക്കു കൈവരിക്കാൻ പോവുന്നത് ടർക്കിയ്ക്കു ശേഷം ഇന്ത്യ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതേ കാലയളവിൽ ഏറ്റവും അധികം തൊഴിൽ സൃഷ്ടിക്കപ്പെടുന്നതും ചൈനയ്ക്കു ശേഷം ഇന്ത്യയിൽ ആയിരിക്കുമെന്നും കരുതപ്പെടുന്നു. രാജ്യാന്തര വിദേശസഞ്ചാരികൾ പണം ചിലവാക്കുന്നതിന്റെ വളർച്ചാനിരക്കും, അടുത്ത ദശകത്തിൽ ഏറ്റവുമധികം (പ്രതിവർഷം 14.3%) ഇന്ത്യയിലായിരിക്കുമെന്നു കരുതപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ മേഖലയുടെ വളർച്ചാ നിരക്കിനെ ബാധിക്കുന്ന നയപരമായ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവയ്ക്ക് ഉത്തരം കണ്ടെത്താൻ കഴിഞ്ഞാൽ, WTTC യുടെ പ്രവചനം ഇന്ത്യയ്ക്ക് ശോഭനമായ ഭാവി വാഗ്ദാനം ചെയ്യുന്നു.

1.4 1976-ൽ കോവളത്ത് കേന്ദ്ര സർക്കാരിന്റെ രക്ഷാകർതൃത്വത്തിൽ ഒരു അന്താരാഷ്ട്ര ബീച്ച് റിസോർട്ട് സ്ഥാപിക്കുന്നതോടെയാണ് കേരളത്തിൽ വിനോദ സഞ്ചാര വികസന പരിപാടികൾ ആരംഭിക്കുന്നത്. വിനോദ സഞ്ചാര മേഖലയുടെ വരുമാന - സാമ്പത്തിക സാധ്യതകൾ മനസ്സിലാക്കിയ കേരള സർക്കാർ 1986-ൽ തന്നെ വിനോദ സഞ്ചാരത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചു. രണ്ടര ദശാബ്ദം എന്ന ചെറിയൊരു കാലയളവിനുള്ളിൽ തന്നെ അന്താരാഷ്ട്ര വിപണിയിൽ തങ്ങളുടെ ടൂറിസം ബ്രാൻഡിനു സ്ഥാനമുറപ്പിക്കുവാനും കേരളത്തിനു കഴിഞ്ഞു. പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന കേരളത്തിന്റെ ആദ്യ ടൂറിസം നയം 1995-ൽ പ്രഖ്യാപിക്കപ്പെട്ടു. പുത്തൻ വിപണികൾ കീഴടക്കിയും പുതിയ തന്ത്രങ്ങളും ഉല്പന്നങ്ങളും മെനഞ്ഞെടുത്തും ടൂറിസം ഒട്ടേറെ മുന്നിലെത്തിക്കഴിഞ്ഞു. 1986-ൽ കഷ്ടിച്ച് അൻപതിനായിരം വിദേശ വിനോദ സഞ്ചാരികളാണെത്തിയിരുന്നത്. വിദേശ നാണ്യ വരുമാനം 0.16 ബില്യൺ രൂപയും. 2010-ലെത്തിയപ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 0.6 ദശലക്ഷമായും, വിദേശ നാണയ വരുമാനം 37.97 ബില്യൺ രൂപയായും ഉയർന്നു. വിനോദ സഞ്ചാര മേഖലയിൽ ആകെ ഉണ്ടായ തൊഴിലവസരങ്ങൾ 1.2 ദശലക്ഷമായി കണക്കാക്കിയിരിക്കുന്നു. വിനോദ സഞ്ചാര മേഖലയുടെ ഒരു ദശാബ്ദക്കാലത്തെ വളർച്ചാ ചരിത്രം വ്യക്തമാക്കുന്ന പട്ടികയാണ് താഴെക്കൊടുത്തിരിക്കുന്നത്.

**പട്ടിക 1 കേരള ടൂറിസം സഞ്ചാരികളുടെ വരവും വരുമാനവും**

| വർഷം | കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളുടെ വരവ് | ഇന്ത്യയിലേക്ക് വിദേശ വിനോദ സഞ്ചാരികളുടെ വരവ് | കേരളത്തിലേക്ക് വരുന്ന വിദേശ വിനോദ സഞ്ചാരികളുടെ ശതമാന ക്കണക്ക് | കേരളത്തിലേക്കു വരുന്ന ആഭ്യന്തര വിനോദ സഞ്ചാരികളുടെ കണക്ക് | വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വിദേശനാണ്യ വരുമാനം (ബില്യൺ രൂപയിൽ) | ആകെ വരുമാനം (ബില്യൺ രൂപയിൽ) |
|---|---|---|---|---|---|---|
| 2001 | 208830 | 2537282 | 8.23 | 5239692 | 5.35 | 45.00 |
| 2002 | 232564 | 2384364 | 9.75 | 5568256 | 7.06 | 49.31 |
| 2003 | 294621 | 2726214 | 10.81 | 5871228 | 9.83 | 59.38 |
| 2004 | 345546 | 3457477 | 9.99 | 5972182 | 12.67 | 68.29 |
| 2005 | 346499 | 3918610 | 8.84 | 5946423 | 15.22 | 77.38 |
| 2006 | 428534 | 4447167 | 9.64 | 6271724 | 19.88 | 91.26 |
| 2007 | 515808 | 5081504 | 10.15 | 6642941 | 26.41 | 114.33 |
| 2008 | 598929 | 5282603 | 11.34 | 7591250 | 30.67 | 131.30 |
| 2009 | 557258 | 5167699 | 10.78 | 7913537 | 28.53 | 132.31 |
| 2010 | 659265 | 5583746 | 11.81 | 8595075 | 37.97 | 173.48 |

അനുപമ വിനോദ സഞ്ചാര ഉല്പന്നങ്ങളായ കായൽ ടൂറിസം, ആയുർവേദ ടൂറിസം തുടങ്ങിയ നൂതനാശയങ്ങൾ അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടി. കേരളത്തിലെ കായലുകളിൽ ഇന്നുള്ള ആയിരത്തോളം ഹൗസ് ബോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവ തൊട്ട് ഒഴുകുന്ന കൊട്ടാരങ്ങൾ എന്നു വിശേഷിപ്പിക്കാവുന്നത്ര ആഡംബര സൗകര്യങ്ങൾ ഉള്ളവ വരെയുണ്ട്. കേരളത്തിന്റെ പരമ്പരാഗത ചികിത്സാ രീതിയായ ആയുർവേദത്തെ വിനോദ സഞ്ചാരികൾക്കിടയിൽ പുനർയൗവ്വന ചികിത്സാ വിധിയായി പ്രചരിപ്പിച്ചു. സഞ്ചാരികൾക്കു മറക്കാനാവാത്ത അനുഭവം പകർന്നു നല്കുന്നതിനായി ആഡംബര ഹോട്ടലുകൾ മുതൽ പരമ്പരാഗത വാസ്തു ശൈലിക്കു മകുടോദാഹരണങ്ങളായ ഹോംസ്റ്റേകൾ (Homestays), സംസ്കാരം, പാരമ്പര്യം, കലകൾ ഇവയെല്ലാം പ്രയോജനപ്പെടുത്തി. തുടർച്ചയായി വന്ന സർക്കാരുകൾ പൊതുമേഖലയെയും, സ്വകാര്യമേഖലയെയും, ബഹുജനങ്ങളെയുമെല്ലാം കൂട്ടിച്ചേർത്ത് വിനോദ സഞ്ചാര മേഖലയുടെ അടിത്തറ വികസിപ്പിക്കുവാൻ ശ്രമിച്ചു. 2000-മാണ്ട് മുതൽ തുടർച്ചയായി രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന കേരള ട്രാവൽ മാർട്ട് സ്വകാര്യ-പൊതു പങ്കാളിത്തത്തിന്റെ ശക്തി കാട്ടിത്തരുന്നു. ടൂറിസം വകുപ്പും ടൂറിസം വ്യവസായവും ചേർന്ന് നൂതന പ്രചരണ പരിപാടികളിലൂടെയും റോഡ് ഷോകളിലൂടെയും ദേശീയ-അന്തർദ്ദേശീയ വിപണികൾ പിടിച്ചട

ക്കുന്ന ഒരു പുതിയ മാതൃക ഉരുത്തിരിഞ്ഞു. ടൂറിസം ബഹുജനങ്ങൾക്കുപയോഗപ്പെടേണ്ടതിന്റെയും പങ്കാളിത്തത്തിന്റെയും ആവശ്യകതയിലൂന്നി തൊണ്ണൂറുകളിൽ ഇക്കോ ടൂറിസം മാതൃകകൾ ഉയർന്നു വരികയും 2007-ൽ ഉത്തരവാദ ടൂറിസം പരിപാടികൾ ആരംഭിക്കുകയും ചെയ്തു. താമസ സൗകര്യങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, മനുഷ്യ വിഭവ വികസനം, വിനോദസഞ്ചാര മേഖലയ്ക്കു വേണ്ട നിക്ഷേപം ഇവയൊക്കെ ഉണ്ടാക്കിയെടുക്കുന്നതിനു നേതൃത്വം നല്കുവാനാവശ്യമായ സ്ഥാപന സംവിധാനം സംസ്ഥാനം വികസിപ്പിച്ചെടുത്തു കഴിഞ്ഞു.

ഇന്ന് വിനോദസഞ്ചാര മേഖലയിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കാണ് മേൽക്കയ്യ്. വികസനത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ വിനോദസഞ്ചാരത്തിനുള്ള പ്രാമുഖ്യം തദ്ദേശ ഭരണ സംവിധാനങ്ങളും പ്രദേശവാസികളും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. പൊതു-സ്വകാര്യ മേഖലകളുടെ ഒരു മാതൃകാ കൂട്ടായ്മ വിനോദ സഞ്ചാര മേഖലയിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനൊപ്പം സാമൂഹ്യ-പരിസര ഘടകങ്ങളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വിനോദസഞ്ചാരിക്ക് സന്ദർശനം ലോകനിലവാരമുള്ള ഒരു അനുഭവമാക്കി മാറ്റുവാൻ വേണ്ട നിലവാരം എല്ലാ മേഖലകളിലുമുറപ്പാക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം.

## 2. ഭാവിദർശനം (Vision)

കേരള സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിൽ ചലനാത്മകവും സുപ്രധാനവുമായ പങ്ക് വിനോദസഞ്ചാര മേഖല വഹിക്കുക.

## 3. ദൗത്യം (Mission)

3.1 അന്താരാഷ്ട്ര നിലവാരമുള്ള ഒരു പ്രാദേശിക സന്ദർശനാനുഭവം ഈ സംസ്ഥാനം പകർന്നു നല്കും.

3.2 പാരിസ്ഥിതിക പരിഗണനകൾ നിലനിർത്തിക്കൊണ്ടുതന്നെ ടൂറിസം മേഖല വ്യവസായ നിക്ഷേപങ്ങൾ ക്ഷണിക്കും.

3.3 തദ്ദേശീയർക്ക് വിനോദസഞ്ചാരത്തിന്റെ പ്രയോജനങ്ങൾ ലഭിക്കുകയും അവർ അതിന് തക്കതായ മൂല്യം നല്കുകയും ചെയ്യും.

3.4 കേരളത്തെ ടൂറിസം മേഖലയിലെ ശ്രദ്ധേയമായ ഒരു ആഗോള ബ്രാൻഡായി ഉയർത്തും.

3.5 ഇന്ത്യക്കകത്തും പുറത്തും നമ്മുടെ വിപണി വിഹിതം വർദ്ധിപ്പിക്കും.

3.6 സംസ്ഥാനത്തിനും രാജ്യത്തിനും ടൂറിസം മേഖലയിൽ ആവശ്യമായ ഉയർന്ന നിലവാരമുള്ള മാനവ വിഭവശേഷിയുടെ സ്രോതസ്സായി കേരളം മാറും.

## 4. ലക്ഷ്യങ്ങൾ (Objectives)

4.1 ഉയർന്ന ഗുണനിലവാരമുള്ള സന്ദർശനാനുഭവം ഉറപ്പാക്കുക.

4.2 വിനോദ സഞ്ചാരത്തിൽ നിന്നും തദ്ദേശവാസികൾക്കു പ്രയോജനം ഉറപ്പാക്കുവാൻ ശ്രദ്ധിക്കുക.

4.3 നിക്ഷേപം സാധ്യമാവുന്ന അന്തരീക്ഷം സൃഷ്ടിക്കുക.

4.4 ദേശീയ-അന്തർദ്ദേശീയ വിപണികളിൽ കേരളത്തെ പ്രത്യക്ഷമായ ഒരു ആഗോള ബ്രാൻഡാക്കി വിപണനം ചെയ്യുക.

4.5 വിനോദ സഞ്ചാര ആതിഥ്യ മേഖലകൾക്കാവശ്യമായ ഉയർന്ന ഗുണനിലവാരമുള്ള മാനവ വിഭവശേഷി വികസിപ്പിച്ചെടുക്കുക.

## 5. ഗുണമേന്മയാർന്ന സന്ദർശനാനുഭവം ഉറപ്പാക്കുവാൻ

സന്ദർശകരാണ് വിനോദസഞ്ചാര വ്യവസായത്തിന്റെ നട്ടെല്ല് എന്ന് മനസ്സിലാക്കുന്നു. മത്സരങ്ങൾ നിറഞ്ഞ ഈ മേഖലയിൽ ഒരു വിനോദസഞ്ചാര കേന്ദ്രത്തിന് പിടിച്ച് നിൽക്കണമെങ്കിൽ ഉപഭോക്താവിന് കിടയറ്റ സേവനവും, സംതൃപ്തിയും ഉറപ്പാക്കിയേ തീരൂ. ആഗോള നിലവാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഞങ്ങൾ ശ്രമിക്കും. ഇതിനായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുവാനും ഹോട്ടലുകളിലും, റെസ്റ്റോറന്റുകളിലും, മറ്റ് സന്ദർശക കേന്ദ്രങ്ങളിലും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുവാനും, വിനോദസഞ്ചാര മേഖലയിലെ പ്രാദേശിക ആകർഷണങ്ങളുടെ പരിപാലനവും സമ്പൂർണ്ണ സംരക്ഷണവും ഉറപ്പാക്കും.

### 5.1 വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടേയും പ്രവർത്തനങ്ങൾ ഏകീകരിക്കുക എന്നത് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നിലവിലുള്ള അപര്യാപ്തത മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളുടെ സിംഹഭാഗവും മറ്റു വകുപ്പുകൾ നൽകുന്ന മുൻഗണനയെ അടിസ്ഥാനപ്പെടുത്തി ആയതിനാൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ ഈ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കും. ജലവിതരണ സംവിധാനം, സഞ്ചാര സൗകര്യം, തെരുവ് വിളക്കുകൾ, മാലിന്യ സംസ്കരണം എന്നിവയാണ് പ്രധാന പദ്ധതികൾ മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ടൂറിസം മന്ത്രി ഉപാധ്യക്ഷനായും, ഒരു ക്യാബിനറ്റ് കമ്മിറ്റി ടൂറിസത്തിനു വേണ്ടി രൂപീകരിക്കും. മറ്റു വകുപ്പ് മന്ത്രിമാർ അംഗങ്ങളായ ഈ കമ്മിറ്റി ടൂറിസം മേഖലയിലെ സുപ്രധാന പദ്ധതികളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കും.

**5.1.2** പ്രസക്തവും പ്രാധാന്യവുമേറിയ പദ്ധതികൾ രൂപികരിക്കുന്നതിനായി ടൂറിസം വകുപ്പ് ഇതിനായി ടൂറിസം മിനിസ്റ്റർ അദ്ധ്യക്ഷനായുള്ള 'ടാസ്ക്ക് ഫോഴ്സ് ഓൺ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്' രൂപികരിക്കും. ഇതിൽ ടൂറിസം വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വരും മറ്റു വകുപ്പുകളിലെ പ്രതിനിധികളും അംഗങ്ങളായിരിക്കും.

**5.1.3** കെട്ടിക്കിടക്കുന്ന നഗരമാലിന്യങ്ങൾ ടൂറിസം വ്യവസായത്തിനും പൊതുജനാരോഗ്യത്തിനും ഒരുപോലെ ഉത്ക്കണ്ഠ ഉളവാക്കുന്നു. ആവശ്യമുള്ളയിടങ്ങളിലെല്ലാം ടൂറിസം വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കി ടൂറിസം കേന്ദ്രങ്ങളും പ്രധാന ടൂറിസം ഇടനാഴികളും വൃത്തിയായി സൂക്ഷിക്കും. വിവിധ എൻ.ജി.ഒ.കളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും, സ്വയം സഹായ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ (KWFD) എന്ന പേരിൽ പ്രചാരണ പരിപാടികൾ ആരംഭിക്കും. ടൂറിസം മന്ത്രി അദ്ധ്യക്ഷനായ ഒരു ടാസ്ക്ക് ഫോഴ്സ് ഫോർ ഇഫക്ടീവ് ക്യാമ്പയിൻ (KWFD) രൂപീകരിക്കും. ഇതിൽ ടൂറിസം വകുപ്പിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ശുചിത്വ മിഷനിലെയും സ്വയംസഹായസംഘങ്ങളിലെയും, വിവിധ എൻ.ജി.ഒ.കളിലെയും ടൂറിസം വ്യവസായത്തിലെയും പ്രതിനിധികൾ ഉണ്ടായിരിക്കും.

### 5.2. വിനോദ സഞ്ചാര വിഭവങ്ങളുടെ മാനേജ്മെന്റ്

**5.2.1** കേരളത്തിലെ ഭൂരിപക്ഷം വിനോദ സഞ്ചാര ആകർഷണങ്ങളും തദ്ദേശ സ്വയംഭരണം, വനം, വന്യജീവി, കെ.എസ്.ഇ.ബി, സാംസ്കാരികം, ജലസേചനം, കൃഷി, തുറമുഖം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ അധീനതയിലാണ്. ഈ വിഭവങ്ങളുടെ ഉപഭോക്താവ് എന്ന നിലയിൽ ഈ വകുപ്പുകളുമായി സഹകരിച്ച് കൊണ്ട് അവയുടെ വികസനത്തിനും പരിപാലനത്തിനുമായി കേരള ടൂറിസം ബ്രാൻഡിന്റെ കീഴിൽ വിവിധ ശ്രമങ്ങൾ നടത്തും.

**5.2.2** പ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്ന വിനോദസഞ്ചാര വിഭവങ്ങൾ ടൂറിസത്തിന്റെ പേരിലും മറ്റു പല രീതിയിലുമുള്ള ചൂഷണങ്ങൾക്ക് ഇരയാകാനുള്ള സാധ്യതയേറെയാണ്. ഈ വിഭവങ്ങളുടെ നിലനിൽപ്പിനായി അവയുടെ വിവേകപൂർവ്വമായ ഉപയോഗം അത്യന്താപേക്ഷിതമാണ്. ഇത്തരത്തിൽ എളുപ്പത്തിൽ ക്ഷതപ്പെടാവുന്ന പ്രദേശങ്ങളിലെ ഏതൊരു വിധത്തിലുള്ള ഇടപെടലുകൾക്കും ടൂറിസം വകുപ്പിന്റെ അംഗീകാരം നിർബന്ധമാണ്.

**5.2.3** ആലപ്പുഴ കേന്ദ്രീകരിച്ചാണ് കേരളത്തിലെ മിക്ക കായൽ വിനോദസഞ്ചാര പ്രവർത്തനങ്ങളും നടന്നു വരുന്നത്. നിലവിൽ ആയിരത്തിൽപരം ഹൗസ്ബോട്ടുകളാണ് ഈ പ്രദേശത്തു പ്രവർത്തിച്ചു വരുന്നത്, ഈ സാന്ദ്രത ഇവിടത്തെ കായൽ പരപ്പുകൾക്കു താങ്ങാവുന്ന

തിനും അപ്പുറമാണ്. തൻമൂലം ഗതാഗതം കുറഞ്ഞ കായൽ പരപ്പിലേക്ക് ഹൗസ്ബോട്ടുകളുടെ സഞ്ചാരം തിരിച്ചു വിടേണ്ടത് ആവശ്യമായിരിക്കുന്നു. പുതിയ പ്രദേശങ്ങളിൽ കായൽ വിനോദസഞ്ചാരം വ്യാപിപ്പിക്കുന്നതിനു വേണ്ടി ടൂറിസം വകുപ്പ് ജലവിഭവ വകുപ്പുമായി സഹകരിച്ച് പുതിയ ബോട്ട് ജെട്ടികളും, കടവുകളും, പാർക്കിംഗ് ഏരിയകളും നിർമ്മിക്കും. വേമ്പനാട്ടു കായലിനു പുറമേ മറ്റു കായൽ പ്രദേശങ്ങളിലേക്കും ഹൗസ്ബോട്ട് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനുള്ള സഹായം ടൂറിസം വകുപ്പ് നൽകും.

**5.2.4** ഹോംസ്റ്റേകൾക്കും, ആയുർവേദ കേന്ദ്രങ്ങൾക്കും, ഹൗസ്ബോട്ടുകൾക്കും, സർവ്വീസ് വില്ലകൾക്കും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ലൈസൻസ് ലഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ അംഗികാരം നിർബന്ധമാക്കും. ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായും ആരോഗ്യം, തുറമുഖം, തുടങ്ങിയ വകുപ്പുകളുമായും യോജിച്ച് പ്രവർത്തിക്കും.

**5.2.5** സന്ദർശകർക്കു പുതിയ അനുഭവങ്ങൾ നൽകുന്നതും ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റിക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതുമായ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതിനായി വനം, വന്യജീവി വകുപ്പുകളുമായി സഹകരിച്ച് ടൂറിസം വകുപ്പ് നടപടികൾ എടുക്കും.

### 5.3 പ്രാദേശിക ഉല്ലാസകേന്ദ്രങ്ങളുടെ വികസനവും പ്രാദേശിക അനുഭവങ്ങളുടെ വർദ്ധീകരണവും

**5.3.1** വൈവിധ്യമാർന്ന കേരളത്തിന്റെ പ്രകൃതിയുടെയും സംസ്കാരത്തിന്റെയും പൈതൃകം പ്രദർശിപ്പിക്കാനാവശ്യമായ പ്രത്യേക വിഷയാധിഷ്ഠിത മ്യൂസിയങ്ങൾ സ്ഥാപിക്കും. ഒരു ദശാബ്ദ കാലയളവിനുള്ളിൽ ഇതുപോലുള്ള പത്ത് മ്യൂസിയങ്ങൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം ടൂറിസം വകുപ്പ് നൽകും**.**

**5.3.2** അറിയുന്നതും അറിയാത്തതുമായ ഒട്ടനവധി ആകർഷണങ്ങൾ കേരളത്തിൽ ഉണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഇവിടേക്ക് ധാരാളം സന്ദർശകരെ കൊണ്ടുവരാൻ കഴിയും. പ്രസിദ്ധമായ അത്തരം കേന്ദ്രങ്ങളിൽ ഉള്ള സൗകര്യം വർദ്ധിപ്പിക്കുകയും അത്ര പ്രസിദ്ധമല്ലാത്ത സ്ഥലങ്ങളിൽ പുതിയ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

**5.3.3.** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റേയും, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റേയും സഹായത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നടത്തിപ്പ് താഴെ തട്ടിൽ നിന്നും ശക്തിപ്പെടുത്തും.

### 5.4 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാര പരിശോധന

**5.4.1** വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നിലവിലുള്ള സൗകര്യങ്ങളിൽ സഞ്ചാരികൾ എത്രമാത്രം തൃപ്തരാണ് എന്ന് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഇതിനായി എല്ലാ പ്രധാന കേന്ദ്രങ്ങളിലും ടൂറിസം വകുപ്പ് ഫീഡ്ബാക്ക് സർവ്വേ നടത്തും. ഈ സർവ്വേകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ കണക്കിലെടുത്ത് സഞ്ചാരികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ തിരുത്തൽ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കും.

### 5.5 വിനോദസഞ്ചാര കേന്ദ്രങ്ങളിലും യാത്രാമാർഗ്ഗങ്ങളിലും വഴിയോര സൗകര്യങ്ങൾ

**5.5.1.** നല്ല രീതിയിൽ സംരക്ഷിച്ചു പോരുന്ന പൊതു ടോയ്‌ലറ്റിന്റെയും, മറ്റു ടൂറിസ്റ്റ് സൗകര്യങ്ങളുടെയും അപര്യാപ്തത മിക്ക വിനോദസഞ്ചാര കേന്ദ്രങ്ങളിലും കേൾക്കുന്ന ഒരു പ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കാൻ ടൂറിസം വകുപ്പ് ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കും. നേരിട്ടും, പങ്കാളിത്തത്തോടുകൂടിയും നിലവാരമുള്ള ടോയ്‌ലറ്റുകളും വിശ്രമമുറികളും എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും യാത്രക്കാർക്കായി നിർമ്മിക്കും. ടോയ്‌ലറ്റുകൾ എല്ലാം തന്നെ ഒരു പോലെ ഉയർന്ന നിലവാരം പുലർത്തുന്നു എന്നും ഉറപ്പാക്കും.

**5.5.2** പണം അടച്ചുപയോഗിക്കാവുന്ന പൊതുടോയ്‌ലറ്റുകളുടെ നിർമ്മാണവും പരിപാലനവും നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കും

### 5.6 പരിസ്ഥിതിക്ക് ഇണങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു

**5.6.1** വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ ഫലമായി കായൽപ്പരപ്പുകളും മറ്റ് ജലാശയങ്ങളും മലിനീകരിക്കപ്പെടുന്നത് ഗൗരവമേറിയ ഒരു വിഷയമാണ്. ടൂറിസം വകുപ്പ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് ഇവിടെ പ്രവർത്തിക്കുന്ന ഹൗസ്ബോട്ടുകളിൽ ഖര-ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്നും ഫോർ സ്ട്രോക്ക് എൻജിൻ തന്നെയാണ് ഉപയോഗിക്കുന്നത് എന്നും ഉറപ്പ് വരുത്താനായി കർശന നടപടികൾ സ്വീകരിക്കും. മറ്റ് ടൂറിസ്റ്റ് ബോട്ടുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ വകുപ്പ് പരിശോധിക്കും.

**5.6.2** പ്ളാസ്റ്റിക്ക് മാലിന്യങ്ങൾ പൊതു ജനങ്ങളേയും വിനോദസഞ്ചാരികളേയും ഒരു പോലെ അലട്ടുന്ന പ്രശ്നമായി നിലനിൽക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഡിസ്പോസിബിൾ പ്ളാസ്റ്റിക്കിന്റെ ഉപയോഗം പ്രധാന വിനോദസഞ്ചാര മേഖലകളായ കോവളം, പൊൻമുടി, വേളി, വർക്കല, തെൻമല, ആലപ്പുഴ കായൽ പ്രദേശങ്ങൾ, കുമരകം, ഫോർട്ട് കൊച്ചി,

ഇരവികുളം, തേക്കടി, പൂക്കോട് തടാകം, സൂചിപ്പാറ, കുറുവ തുടങ്ങിയ സ്ഥലങ്ങളിൽ ടൂറിസം വ്യവസായികളുടെ സഹായത്താടെ പൂർണ്ണമായും നിരോധിക്കും.

**5.6.3** പേപ്പർ ബാഗ് നിർമ്മാണം, പ്ളാസ്റ്റിക്കും മറ്റു മലിന്യങ്ങളും ഉപയോഗപ്രദമായ വസ്തുക്കളായി മാറ്റുക തുടങ്ങിയ പരിസ്ഥിതി സൗഹൃദസംരംഭങ്ങളെ ടൂറിസം വകുപ്പ് വയബിലിറ്റി ഗാപ് ഫണ്ടിങ്ങിലുടെ പിൻതുണയ്ക്കും.

### 5.7 സുവനീർ വ്യവസായത്തിന്റെ പ്രോത്സാഹനം

**5.7.1** സുവനീർ വ്യപാരം ലോകമെമ്പാടും വിനോദസഞ്ചാര മേഖലയിലെ പ്രധാന ഘടകമാണ്. ഇതിന് രണ്ട് വശമുണ്ട്. ഒന്ന് പ്രാദേശിക സമ്പദ്ഘടനയെ ഇത് സഹായിക്കുന്നു. രണ്ട് സന്ദർശനം കഴിഞ്ഞ് മടങ്ങുന്നവർക്ക് യാത്രയെക്കുറിച്ച് ഓർക്കുവാനായി ഒരു സ്മരണിക കൊണ്ടുപോകുവാൻ കഴിയുന്നു. വിനോദസഞ്ചാരികളെ തിരികെ നമ്മുടെ നാട്ടിലേക്ക് തന്നെ കൊണ്ടു വരിക എന്നതാണ് ഇതിന്റെ പരമോന്നത ലക്ഷ്യം, മാത്രമല്ല ഈ സ്മരണിക നമ്മുടെ സ്ഥലങ്ങളെ മറ്റുള്ള സഞ്ചാരികൾക്ക് മുന്നിൽ വാമൊഴിയിലൂടെ വിപണനം ചെയ്യുവാൻ സഹായിക്കുന്നു. പക്ഷെ പഠനങ്ങൾ കാണിക്കുന്നത് കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികൾ അവരുടെ ചിലവിന്റെ 5% ത്തിൽ താഴെ മാത്രമേ സ്മരണികകൾ വാങ്ങുവാനായി ചിലവാക്കുന്നുള്ളു എന്നാണ്. സ്മരണികകളുടെ പരിമിതമായ ലഭ്യതയും വൈവിധ്യവും കണക്കിലെടുത്ത് അവയുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടതും, അംഗീകാരമുള്ളതും ആയ എല്ലാ വിനോദസഞ്ചാര യൂണിറ്റുകളിലും കേരളത്തിന്റെ പ്രാദേശിക സ്മരണികളുടെ പ്രദർശന വില്പന കേന്ദ്രങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി പറ്റുന്നിടത്തോളം സ്മരണികകളുടെ വിപണത്തിന് ആവശ്യമായ സ്ഥലം നൽകി കേരള ഗവൺമെന്റും ഈ പദ്ധതിയെ പിൻതാങ്ങും.

### 5.8 കേരളത്തിന്റെ തനതു പാചകരീതികളുടെ പ്രോത്സാഹനം

**5.8.1** കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങളും പാചകരീതിയും ഏറെ പ്രശസ്തവും, അംഗീകരിക്കപ്പെട്ടതുമാണ്. പ്രാദേശിക ഭക്ഷണവിഭവങ്ങൾ നൽകുവാനായി ഹോട്ടലുകളേയും റസ്റ്റോറന്റുകളേയും ടൂറിസം വകുപ്പ് പ്രോത്സാഹിപ്പിക്കും. ആവശ്യമുള്ള മാനവവിഭവശേഷി ഉറപ്പു വരുത്താനായി കേരള കളിനറി ഇൻസ്റ്റിട്ട്യൂട്ട് തുടങ്ങുന്നതിനും വേണ്ട നടപടികൾ എടുക്കും.

### 5.9 സാഹസിക ടൂറിസത്തിന്റെ പ്രോത്സാഹനം

**5.9.1** പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും നിറയെ ഉള്ള കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കരയിലും ജലത്തിലുമുള്ള സാഹസിക വിനോദയാത്ര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സാഹസിക ടൂറിസം ഓപ്പറേറ്റർമാർക്ക് പ്രത്യേക ഇൻസൻറ്റീവ് നൽകുകയും ചെയ്യും.

**5.10 എല്ലാ പ്രമുഖ സഞ്ചാര കേന്ദ്രങ്ങളിലും ഇൻഫർമേഷൻ കേന്ദ്രങ്ങൾ**

**5.10.1** നിലവാരമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലും നഗരങ്ങളിലും ഗതാഗതകേന്ദ്രങ്ങളിലും ഇൻഫർമേഷൻ കേന്ദ്രങ്ങൾ ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളിലും വിവര സാങ്കേതിക കേന്ദ്രങ്ങളും പരിശീലനം ലഭിച്ച ജീവനക്കാരെയും ലഭ്യമാക്കും.

**5.11. വിനോദസഞ്ചാരകേന്ദ്രങ്ങളിലും റോഡുകളിലും മാർഗ്ഗനിർദ്ദേശികൾ** (Signages) **സ്ഥാപിക്കൽ**

**5.11.1** ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വഴികളിലും ഹൈവേകളിലും നിലവിലുള്ള സൈനേജുകൾ മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യം കണക്കിലെടുത്ത ഇവ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും. കഴിയുന്നിടത്തോളം അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ചിഹ്നങ്ങളും നിറങ്ങളുമായിരിക്കും ഇതിനായി ഉപയോഗിക്കുക.

**5.12 വഴിയോര കേന്ദ്രങ്ങളുടെ തരംതിരിക്കൽ**

**5.12.1** ടോയ്‌ലറ്റ് സൗകര്യങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, ലഘുഭക്ഷണ സൗകര്യങ്ങൾ ഇവ നൽകുന്ന വഴിയോര കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി ഒരു തരംതിരിക്കൽ സമ്പ്രദായം കൊണ്ടുവരും.

**5.13 ഹോപ് ഓൺ/ഹോപ് ഓഫ് സർവ്വീസ്**

**5.13.1** തിരുവനന്തപുരം, ആലപ്പുഴ, ഫോർട്ട് കൊച്ചി, കൊച്ചി കായലോരം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഒരു ഹോപ് ഓൺ/ ഹോപ് ഓഫ് സർവ്വീസ് ലഭ്യമാക്കുന്നതായിരിക്കും. ഇതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മേഖലകളിലേക്ക് ഈ സേവനം വ്യാപിപ്പിക്കും.

**5.14 വ്യത്യസ്തമായ ശേഷികളുള്ളവരടക്കം (differently abled person) എല്ലാവർക്കുമായി പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കുക**

**5.14.1** ശാരീരികമായി വൈകല്യങ്ങളുള്ള സന്ദർശകർ കേരളത്തിന്റെ പ്രത്യേകതകൾ അനുഭവിച്ചറിയുവാൻ ബുദ്ധിമുട്ടുന്നു. തെരഞ്ഞെടുക്കുന്ന കുറച്ചു വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാരീരിക വൈകല്യങ്ങളുള്ളവർക്കായി സൗകര്യങ്ങൾ ഒരുക്കുവാൻ ഉദ്ദേശിക്കുന്നു.

**5.15 ജീവൻ രക്ഷാ തയ്യാറെടുപ്പുകൾ (Life saving initiative)**

**5.15.1** കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങി അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതരം വിനോദസഞ്ചാര കേന്ദ്രങ്ങളെ കാര്യമായി

ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന കടലോരങ്ങളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻ രക്ഷാ പ്രവർത്തകരെ (Life guards) നിയോഗിച്ചിട്ടുണ്ടെങ്കിലും പരിശീലനം നേടിയ കൂടുതൽ പേരെ വിന്യസിക്കുകയും അവരുടെ കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തുകയും സുരക്ഷാ ഉപകരണങ്ങൾ നല്കുകയും ചെയ്യേണ്ടതുണ്ട്. ഇപ്പോൾ നിലവിലുള്ള ജീവൻ രക്ഷാ പ്രവർത്തകർക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്താൻ പരിശീലനം നല്കുന്നതോടൊപ്പം ആവശ്യമായ ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നല്കും.

**5.15.2** പരിശീലനം നേടിയ ആളുകളുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട് എന്ന കാര്യം പരിഗണിച്ച്, ഉയർന്ന അപകട സാധ്യതയുള്ള ജലാശയങ്ങളെ കേന്ദ്രീകരിച്ച് 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ' എന്ന പദ്ധതി നടപ്പിലാക്കി, നിലവിലുള്ള ജീവൻ രക്ഷാ സംവിധാനം മെച്ചപ്പെടുത്തും. വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്നു കണ്ണെത്തുന്ന ദൂരത്തിൽ തൊഴിൽ ചെയ്യുന്നവരോ താമസിക്കുന്നവരോ ആയ ആളുകളിൽ നിന്നു സന്നദ്ധ സേവകരെ തെരഞ്ഞെടുത്ത് അവർക്കു ജീവൻ രക്ഷാപ്രവർത്തനങ്ങളിലും പ്രഥമ ശുശ്രൂഷയിലും പരിശീലനം നല്കി അവരെ ജീവൻ രക്ഷാ സന്നദ്ധ സേവകരായി നിയോഗിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ടൂറിസം വ്യവസായത്തിന്റെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കും.

**5.15.3** ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നല്കിയും അത്യാധുനിക ഉപകരണങ്ങൾ നല്കിയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും.

### 5.16 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് വാർഡൻമാർ

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളോട് അപമര്യാദയായി പെരുമാറുകയും അവരെ ആക്രമിക്കുകയും ചെയ്ത ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ തടയുവാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും **ടൂറിസ്റ്റ് വാർഡൻ** പദ്ധതി നടപ്പിലാക്കും. വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ തദ്ദേശവാസികളിൽ നിന്ന് ടൂറിസം വകുപ്പ് തെരഞ്ഞെടുത്ത് പരിശീലനവും അംഗീകാരവും നല്കി നിയോഗിക്കുന്ന ഈ വാർഡർമാരിൽ പകുതി സ്ത്രീകളായിരിക്കും. ഇവരെ ഡി.റ്റി.പി.സിയ്ക്കു കീഴിലോ ഡി.എം.സി.യ്ക്കു കീഴിലോ വിന്യസിക്കും. ഒരു വിനോദസഞ്ചാര കേന്ദ്രത്തെ പ്രശ്നരഹിതമാക്കി (hassle free) നിലനിർത്തുവാൻ ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും ഇവർ സന്ദർശകർക്കും തദ്ദേശവാസികൾക്കും നല്കും.

**5.17 കണ്ടിൻജൻസി റെസ്പോൺസ് സെൽ (CRC)**

**5.17.1** വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി, അത്തരം ആകസ്മിക സന്ദർഭങ്ങളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിൻജൻസി റെസ്പോൺസ് സെൽ' ടൂറിസം വകുപ്പ് സംസ്ഥാന തലത്തിൽ രൂപീകരിക്കും. ഈ സെല്ലിന് അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ആവശ്യമായ ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും നല്കും.

**5.18 ഹർത്താലുകളിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുക**

**5.18.1** വിനോദസഞ്ചാരികൾക്ക് ഗുരുതരമായ അസൗകര്യങ്ങളും സാമ്പത്തിക-സമയ നഷ്ടങ്ങളും ഉണ്ടാക്കുന്ന ഹർത്താലുകളിൽ നിന്ന് ടൂറിസം മേഖലയെ ഒഴിച്ചു നിർത്തുവാൻ ടൂറിസം വകുപ്പ് രാഷ്ട്രീയ കക്ഷികളുമായും തൊഴിലാളി സംഘടനകളുമായും ചർച്ചകൾ തുടങ്ങും.

## 6. സമൂഹവും വിനോദസഞ്ചാരവും (Community and Tourism)

തദ്ദേശവാസികളുടെ പങ്കാളിത്തവും അംഗീകാരവും ടൂറിസത്തിന് നിർണ്ണായകമാണ്. ഏതൊരു ടൂറിസം കേന്ദ്രത്തിന്റെയും വികസനം തദ്ദേശവാസികൾക്ക് സാമ്പത്തിക–സാമൂഹിക–പാരിസ്ഥിതിക തലത്തിൽ പ്രയോജനപ്പെടണം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാമ്പത്തിക ലക്ഷ്യത്തിന് (economic objective) ഊന്നൽ നൽകണം. ഇതിനുപുറമെ കുടുംബങ്ങളെയും വ്യക്തികളെയും ടൂറിസം വ്യവസായത്തിനാവശ്യമായ ഉൽപന്നങ്ങൾ നിർമ്മിക്കാനും വിതരണം ചെയ്യാനും പ്രാപ്തരാക്കുകയും, അങ്ങനെ സാധാരണ ജനങ്ങൾക്ക് ടൂറിസത്തിൽ നിന്നും പരമാവധി പ്രയോജനങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. സാമൂഹിക, പാരിസ്ഥിതിക തലത്തിൽ, ദൂഷ്യഫലങ്ങൾ കുറയ്ക്കുവാനും സമൂഹത്തിന് പ്രകൃതി, സംസ്കാരം, പാരമ്പര്യം എന്നിവയുമായി പൊരുത്തപ്പെട്ടു ജീവിക്കാൻ സാദ്ധ്യമാക്കുവാനും നടപടിയെടുക്കും. മേൽപ്പറഞ്ഞ ഉദ്ദേശലക്ഷ്യങ്ങൾ ശക്തിപ്പെടുത്തുവാനും നടപ്പിലാക്കുവാനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടുകൂടിയാണ് കേരളത്തിൽ ഉത്തരവാദിത്വടൂറിസം പ്രവർത്തനങ്ങൾ രൂപകൽപന ചെയ്ത് നടപ്പിലാക്കുവരുന്നത്.

**6.1 സമൂഹവും, സാമ്പത്തിക നേട്ടങ്ങളും**

**6.1.1** തൊഴിലവസരങ്ങൾ, പ്രാദേശിക ഉല്പന്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ടൂറിസം വ്യവസായത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് തദ്ദേശീയ സമൂഹത്തെയും പ്രാദേശികമായി ലഭ്യമാവുന്ന വൈദഗ്ധ്യത്തെക്കുറിച്ചും പ്രദേശവാസികൾക്കു തൊഴിൽ നല്കുന്നതിന്റെയും പ്രാദേശികമായി ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന്റെയും പ്രയോജനങ്ങളെക്കുറിച്ച് ടൂറിസം വ്യവസായത്തിനും മനസ്സിലാക്കിക്കൊടുക്കും.

**6.1.2** തദ്ദേശീയ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്ന തിനായി ടൂറിസം വകുപ്പ്, തദ്ദേശീയ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘടനകൾ (self help groups), എൻ.ജി.ഒ.കൾ, കർഷക കൂട്ടായ്മകൾ, കൃഷി, മൃഗസംരക്ഷണം, വനം, മത്സ്യ ബന്ധനം എന്നീ വകുപ്പുകളുമായി യോജിച്ച് പ്രവർത്തിക്കും.

**6.1.3** തദ്ദേശീയ സംരംഭകരുടെ പ്രോത്സാഹനത്തിനായ് വകുപ്പ് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങ ളിൽ ഓൺട്രപ്രെനർഷിപ്പ് ഡെവലപ്പമെന്റ് പ്രോഗ്രാം സംഘടിപ്പിക്കും.

### 6.2 സമൂഹവും സാമൂഹ്യ-സാംസ്കാരിക വശങ്ങളും

**6.2.1** അന്യം നിന്നു പോയതോ, പോവുന്നതോ ആയ കലാരൂപങ്ങളെ കണ്ടെത്തി അവയെ പുന രുദ്ധരിക്കുന്നതിനും അവയുടെ തനതു ശൈലിയും ആധികാരികതയും സംരക്ഷിക്കു വാനും വകുപ്പ് ശ്രമിക്കും.

**6.2.2** പൈതൃക വികസന പദ്ധതികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകും. ഇതിനായി സാംസ് കാരിക വകുപ്പുമായി ചേർന്ന് പൈതൃക കെട്ടിടങ്ങളുടെ നവീകരണവും പുനരുദ്ധാ രണവും നടത്തും.

**6.2.3** സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, നിയമം, ആഭ്യന്തരം, ആരോഗ്യം, ടൂറിസം എന്നീ വകുപ്പു കളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ട്രാഫിക്കിംഗ് (trafficking) മുതലായ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ഒരു കർമ്മസേന രൂപീകരിക്കും. ഈ കർമ്മ സേനയിലൂടെ ട്രാഫിക്കിംഗ്, ബാലപീഡനം, മയക്കുമരുന്ന് തുടങ്ങിയവയ്ക്കെതിരെ നടപടികളും പദ്ധതികളും പ്രായോഗികമാക്കും.

### 6.3 ഉത്തരവാദിത്ത ടൂറിസത്തെ ബലപ്പെടുത്തലും പ്രോത്സാഹിപ്പിക്കലും

**6.3.1** കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിലെ പരീക്ഷണ പദ്ധതികളിൽ നിന്നു പാഠമുൾക്കൊണ്ട് ഉത്തരവാദിത്ത ടൂറിസം പരിപാടിയെ കേരളമെമ്പാടും വ്യാപിപ്പി ക്കുവാൻ നടപടികളെടുക്കും.

**6.3.2** ഉത്തരവാദിത്ത ടൂറിസം പരിപാടികൾ പിന്തുടരുന്ന സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ് അവയെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്. ആഗോള സുസ്ഥിര വിനോദ സഞ്ചാര മാനദണ്ഡങ്ങ ളനുസരിച്ച് ടൂറിസം സേവനദാതാക്കളെ തരം തിരിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ (Responsible Tourism classification) പരിപാടികൾ ആവിഷ്കരിക്കു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഗ്രാമീണ മേഖലകളിലുള്ള തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളിൽ 30 ശതമാനമെങ്കിലും പത്ത് വർഷ കാലയളവിനുള്ളിൽ RT ക്ലാസിഫൈഡ് യൂണിറ്റുകൾ ആയി മാറ്റും.

**6.3.3** ടൂറിസം വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണവകുപ്പിന്റെയും, സ്വയം സഹായ സംഘങ്ങളുടെയും ടൂറിസം വ്യവസായത്തിന്റെയും, എൻ.ജി.ഒ.കളുടെയും, കാർഷിക മൃഗസംരക്ഷണ വകുപ്പിന്റെയും, മത്സ്യബന്ധന വകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ കേരള ഉത്തരവാദിത്ത ടൂറിസം കർമ്മസേന രൂപീകരിക്കും.

**6.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സക്രിയപങ്കാളിത്തം**

**6.4.1** വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ ടൂറിസം പരിപാടികൾ ആവിഷ്കരിക്കുന്നതിലും വികസിപ്പിക്കുന്നതിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു നിർണ്ണായക പങ്കു വഹിക്കാൻ കഴിയും. ടൂറിസം വികസന പരിപാടികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റു വികസന പരിപാടികളുമായി സംയോജിപ്പിക്കും. വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള മേഖലകളിൽ ടൂറിസം വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യും.

**6.4.2** കേരളത്തിലെ പ്രധാന വിനോദസഞ്ചാര ആകർഷണങ്ങളെല്ലാം പ്രകൃതിയുമായി ബന്ധപ്പെട്ടവയാണെന്നിരിക്കെ വിനോദസഞ്ചാര കേന്ദ്ര വികസനത്തിന് ആസൂത്രണമില്ലാതെ നടത്തുന്ന ആകസ്മിക പരിപാടികൾ ടൂറിസം വളർച്ചയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനുള്ള പൂർണ്ണ അധികാരം തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മാസ്റ്റർ പ്ലാനുകൾ, വിശദമായ ടൗൺ പ്ലാനിംഗ് പദ്ധതികൾ, കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (Kerala Municipal Building Rules) ഇവയാണ് ഏതു പ്രദേശത്തിന്റെയും വികസനത്തെ നിയന്ത്രിക്കുവാനും ക്രമീകരിക്കുവാനും ഉള്ള ഉപകരണങ്ങൾ. പ്രത്യേകതകളുള്ള ഒരു പ്രദേശത്തെ പ്രത്യേക മേഖലയായി തിരിക്കുവാനും ആ പ്രദേശത്തിനു മാത്രമായി പ്രത്യേക നിർദ്ദേശങ്ങൾ രൂപീകരിച്ചു വികസനം നിയന്ത്രിക്കാനുമുള്ള വ്യവസ്ഥകൾ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്റ്റിലുണ്ട്. ഈ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് ടൗൺ കൺട്രി പ്ലാനിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുമായി ചേർന്ന് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ ഉൾക്കൊള്ളൽ ശേഷി മനസ്സിലാക്കി അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പ്രത്യേക നിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങൾക്കായി പ്രത്യേക പ്രദേശവികസന പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യത്തിൽ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പുമായി പങ്കു ചേരും.

## 7. നിക്ഷേപാനുകൂല അന്തരീക്ഷം സൃഷ്ടിക്കൽ

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിൽ വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് 1986-ൽ തന്നെ സർക്കാർ വിനോദസഞ്ചാര മേഖലയെ ഒരു വ്യവസായമായി പ്രഖ്യാപിച്ചു. മേൽത്തട്ടു സൗകര്യങ്ങളും (super structure) അടിസ്ഥാന സൗകര്യവും ഏതൊരു വിനോദസഞ്ചാര കേന്ദ്രത്തെ സംബന്ധിച്ചിടത്തോളവും ഏറ്റവും പ്രധാനപ്പെട്ടവയാണ്. സർക്കാരിന്റെയും സ്വകാര്യമേഖലയുടെയും കൂട്ടായ്മയാണ് കേരളത്തിൽ വിനോദസഞ്ചാര മേഖലയുടെ വിജയത്തിനടിസ്ഥാനം. സർക്കാർ ഒരു ഫെസിലിറ്റേറ്ററും (facilitator) ക്യാറ്റലിസ്റ്റും (catalyst) ആയി പ്രവർത്തിച്ച് സ്വകാര്യനിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണക്കിലെടുത്ത് ചെറുകിട-ഇടത്തരം നിക്ഷേപങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. സുസ്ഥിരവികസനത്തിലൂന്നിയുള്ള സ്വകാര്യ നിക്ഷേപങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകി വരുന്നു.

### 7.1 10 കോടി രൂപയ്ക്ക് മുകളിലുള്ള വിനോദസഞ്ചാര പദ്ധതികൾക്ക് അനുമതിക്കായി അതിവേഗ ക്ലിയറൻസ് സംവിധാനം

**7.1.1** 10 കോടി രൂപയ്ക്ക് മുകളിലുള്ള ടൂറിസം പദ്ധതികൾക്ക് പെട്ടെന്ന് അനുമതി നല്കുന്നതിനായി നിലവിലുള്ള സംവിധാനവുമായി സംയോജിപ്പിച്ച് അതിവേഗ ക്ലിയറൻസ് സംവിധാനം നടപ്പിലാക്കും.

### 7.2 ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ പുതിയ സബ്സിഡി സംവിധാനം

7.2.1 ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കാനായി ആനുകൂല്യങ്ങൾ നൽകും. നിലവിലുള്ള നിക്ഷേപ സബ്സിഡി പദ്ധതികൾ 2013 ഓടെ പിൻവലിക്കും. ആകെ നിക്ഷേപത്തിന്റെ 15% വരെയും എന്നാൽ പരമാവധി 20 ലക്ഷം രൂപ വരെ നല്കിക്കൊണ്ട് ഉത്തരവാദിത്ത വിനോദസഞ്ചാര നിക്ഷേപകർക്ക് പുതിയ സബ്സിഡി പദ്ധതി രൂപീകരിക്കുന്നതാണ്.

**7.2.2** ഉത്തരവാദിത്ത വിനോദസഞ്ചാരത്തിനു കീഴിൽ ക്ലാസ്സിഫിക്കേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് ആദ്യത്തെ അഞ്ച് വർഷത്തേക്ക് വ്യാവസായിക നിരക്കിൽ വൈദ്യുതി നൽകും.

### 7.3 സേവനദാതാക്കൾക്ക് വിപണന സഹായം

7.3.1 ടൂർ ഓപ്പറേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവേദ മേഖലകളിലെ പുതിയ സംരംഭകർക്ക് ദേശീയ, അന്തർദ്ദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിലേയ്ക്കായി ആദ്യത്തെ മൂന്ന് വർഷങ്ങളിലേക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കും. ഈ ആനുകൂല്യങ്ങൾ പ്രതിവർഷം ഒരു പ്രാദേശിക ഫെയറിനും ഒരു അന്താരാഷ്ട്ര ഫെയറിനും മാത്രമായിരിക്കും ലഭിക്കുക. അന്താരാഷ്ട്ര ട്രേഡ് ഫെയറുക

ളിൽ പങ്കെടുക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് യാത്രയ്ക്കും പ്രൊമോഷണൽ മെറ്റീരിയലുകൾക്കുമായി ചെലവാകുന്ന തുകയുടെ 25 ശതമാനം (പരമാവധി 75,000 രൂപ) ടൂറിസം വകുപ്പ് വഹിക്കുന്നതാണ്. രാജ്യത്തിനകത്തുള്ള ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനായി 50,000 രൂപയും നൽകും. ആറ് വടക്കൻ ജില്ലകളിലെ (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്) 30 മുറികളിൽ താഴെയുള്ള ചെറുകിട-ഇടത്തരം അക്കൊമഡേഷൻ യൂണിറ്റുകൾക്കും, വേമ്പനാട് കായൽ ഒഴികെയുള്ളിടങ്ങളിലെ പുതിയ ഹൗസ്ബോട്ട് സംരംഭകർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

### 7.4 ഹോംസ്റ്റേകൾക്ക് റസിഡൻഷ്യൽ താരിഫ്

7.4.1 സംസ്ഥാനത്ത് ഹോംസ്റ്റേ സംവിധാനം പ്രോത്സാഹിപ്പിക്കുവാനായി റസിഡൻഷ്യൽ താരിഫ് നിരക്കിൽ ഹോംസ്റ്റേകൾക്ക് വൈദ്യുതിയും വെള്ളവും കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കും.

## 8. തദ്ദേശീയവും അന്തർദ്ദേശീയവുമായ വിനോദസഞ്ചാര മാർക്കെറ്റുകളിൽ കേരളത്തെ ശ്രദ്ധേയമായ ഒരു ആഗോള ബ്രാൻഡ് ആയി ഉയർത്തിക്കൊണ്ടുവരിക

90-കളുടെ ആദ്യം മുതൽക്കു തന്നെ യൂറോപ്പിൽ നിന്നുള്ള, പ്രത്യേകിച്ച് യു.കെ., ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള അന്തർദ്ദേശീയ വിനോദസഞ്ചാരികളിലാണ് കേരളം ശ്രദ്ധ ചെലുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ ലോകം നേരിട്ട സാമ്പത്തിക മാന്ദ്യം യൂറോപ്പിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കൊണ്ടുവന്നു. ഇത് പ്രാദേശിക വിനോദസഞ്ചാരികളെ ആകർഷിക്കുവാനായി തീവ്ര പ്രചാരണപരിപാടികൾ തുടങ്ങുവാൻ പ്രേരിപ്പിച്ചു. മുൻപ് അന്തർദ്ദേശീയവും പ്രാദേശികവുമായ വിനോദസഞ്ചാര വിപണനത്തിനായി മാറ്റി വച്ച ഫണ്ടിന്റെ അനുപാതം 70:30 എന്നിങ്ങനെയായിരുന്നു. എന്നാൽ ഇന്നത് പ്രാദേശിക വിനോദസഞ്ചാരത്തിന് ഊന്നൽ നൽകിക്കൊണ്ട് 50:50 എന്ന അനുപാതത്തിലേക്ക് ഉയർത്തിയിരിക്കുന്നു.

കഴിഞ്ഞ ദശാബ്ദത്തിൽ കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ ആഗമന നിരക്ക് പരിശോധിക്കുകയാണെങ്കിൽ അതിൽ പ്രതിവർഷം 12% വളർച്ച കാണുവാൻ സാധിക്കും. കഴിഞ്ഞ വർഷത്തെ മാത്രം കണക്ക് പരിശോധിക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനം 6.5 ലക്ഷം വിദേശ സഞ്ചാരികളെ സ്വീകരിച്ചതായി കാണാം. പ്രത്യേകം തയ്യാറാക്കിയ തീവ്ര വിപണന തന്ത്രങ്ങൾ പരിഗണിക്കുമ്പോൾ പ്രതിവർഷ വളർച്ചാനിരക്ക് 15% ആക്കി ഉയർത്തുവാനാണ് ലക്ഷമിട്ടിരിക്കുന്നത്. ഇതിലൂടെ 2021 ആവുമ്പോഴേക്കും വിദേശ സഞ്ചാരികളുടെ എണ്ണം 30 ലക്ഷം ആക്കാൻ കഴിയും എന്നാണ് വിശ്വാസം. കഴിഞ്ഞ ദശാബ്ദത്തിലെ തദ്ദേശീയ സഞ്ചാരികളുടെ സന്ദർശനത്തിലെ പ്രതിവർഷ ശരാശരി വളർച്ചാ നിരക്ക് 4.5% ആണ്. 2010-ൽ 86 ലക്ഷം തദ്ദേശീയ വിനോദസഞ്ചാരികളാണ് കേരളത്തിൽ വന്നത്. അടുത്ത ദശാബ്ദക്കാലത്തേക്ക് ലക്ഷ്യംവെക്കുന്ന പ്രതിവർഷ ശരാശരി വളർച്ചാനിരക്ക് 7% ആണ്. ഇതിലൂടെ 2021 ആവുമ്പോഴേക്കും 180 ലക്ഷം തദ്ദേശീയ വിനോദസഞ്ചാരികളെ ഇവിടെ എത്തിക്കും എന്നാണ് വിശ്വസിക്കുന്നത്.

**8.1 നിലവിലുള്ള അന്തർദ്ദേശീയ വിപണിയെ ബലപ്പെടുത്തുക**

8.1.1 2010-ലെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നിലവിലുള്ള വിപണന ഉറവിടങ്ങൾ യു.കെ. (23.7%), യു.എസ്.എ (10.8%), ഫ്രാൻസ് (9.8%), ജർമ്മനി (7.6%), ഓസ്ട്രേലിയ (5.6%) എന്നിവയാണ്. നിലവിൽ ഈ വിപണികളെ ഒന്നും തന്നെ അവയുടെ പരമാവധി ഉപയോഗിക്കുന്നില്ല എന്നു വേണം പറയാൻ. ഈ വിപണികളെ എല്ലാം തന്നെ അതിന്റെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി അതാതു വിപണികളുടെ സ്വഭാവം മനസ്സിലാക്കിക്കൊണ്ട് പ്രത്യേക നയങ്ങൾ രൂപീകരിക്കും.

**8.2 പുതിയതായി ഉയർന്നു വരുന്ന ആഗോള വിപണിയുടെ പരമാവധി ഉപയോഗം**

8.2.1 യു.എസ്.എ, സ്കാൻഡിനേവിയ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, മധ്യേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ കേരളത്തിനു പുതിയതായി ഉയർന്നു വരുന്ന വിപണികളാണെങ്കിലും ഏറെ സാധ്യതയുള്ളവയാണ്. എന്നാൽ സാമ്പത്തിക ഞെരുക്കം മൂലം അംഗീകൃത യൂറോപ്യൻ വിപണികളിൽ മാത്രമായി നമ്മുടെ വിപണനശ്രമങ്ങൾ ചുരുക്കുകയായിരുന്നു. മേൽ പറഞ്ഞ സ്ഥലങ്ങളിൽ കൂടി നമ്മുടെ വിപണനശ്രമങ്ങൾ വ്യാപിപ്പിക്കും. ഇതിലൂടെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മേൽ പറഞ്ഞ സഞ്ചാരികളെ പരിചയപ്പെടുത്തും. ഹ്രസ്വ-ദീർഘകാല സഞ്ചാരികൾക്കായി പ്രത്യേക നയങ്ങൾ രൂപവത്ക്കരിക്കും.

**8.3 നിലവിലുള്ള തദ്ദേശീയ വിപണികളുടെ ഉപയോഗം**

8.3.1 തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ആണ് കേരളത്തിന്റെ മുഖ്യമായ പ്രാദേശിക വിപണികൾ എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വടക്കേ ഇന്ത്യയിലേയും, മദ്ധ്യ ഇന്ത്യയിലേയും വിപണികൾ വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടില്ല എന്നാണ് ഈ പഠനങ്ങൾ തെളിയിക്കുന്നത്. പുതിയതായി വരുന്ന ഈ തദ്ദേശീയ വിപണികളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാവും തീവ്ര വിപണന നയങ്ങൾ തുടർന്നു കൊണ്ടു പോവുക.

8.3.2 ഇടക്കാലത്തുണ്ടായ സ്ഥലസൗകര്യങ്ങളുടെ വർദ്ധനവ് കണക്കിലെടുത്ത് കേരളത്തെ ഒരു MICE മാർക്കറ്റായി ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. കേരളത്തെ MICE ബിസിനസ്സ് മേഖലയിൽ തീവ്ര വിപണനം ചെയ്യുന്നതിനായി ടൂറിസം വ്യവസായത്തിന്റെ പങ്കാളിത്തത്തോടുകൂടി **കേരള കൺവെൻഷൻ പ്രമോഷൻ ബ്യൂറോ (KCPB)** രൂപവത്ക്കരിക്കും.

**8.4 വിപണി പഠനം (Market Research)**

8.4.1 നിലവിലുള്ള വിനോദസഞ്ചാരികളുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്ന രീതി വിപണന നയങ്ങൾ രൂപീകരിക്കുന്നതിനോ വിപണിയിൽ ഗവേഷണം നടത്തുന്നതിനോ ആവശ്യമായ വിശദാംശങ്ങൾ നല്കുന്നില്ല. വിനോദസഞ്ചാരികൾക്കായി താമസസൗകര്യം

ഒരുക്കുന്നവരുടെ സഹായത്തോടെ അവരുടെ വിവരങ്ങൾ ശേഖരിച്ച് അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ സംവിധാനത്തെ സുദൃഢമാക്കാം.

8.4.2 പ്രധാന വിപണി സ്രോതസ്സുകളിൽ നിന്നും കേരളത്തിലേക്ക് നേരിട്ടുള്ള വിമാനയാത്രാ സൗകര്യം ഒരുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ടൂറിസം വകുപ്പ് പഠനം നടത്തും.

**8.5 ഇന്റർനെറ്റ് അധിഷ്ഠിത വിപണന തന്ത്രങ്ങൾ ബലപ്പെടുത്തും**

8.5.1. വർഷങ്ങളായി കേരളം വിവരസാങ്കേതിക വിദ്യയെ വിജയകരമായി തന്നെ ഉപയോഗിച്ചുവരുന്നു. കേരളാ ടൂറിസത്തിന്റെ വളർച്ചയ്ക്കായി ടൂറിസം വകുപ്പ് 'സോഷ്യൽ മാർക്കറ്റിംഗ് ടൂൾസ്' പരമാവധി പ്രയോജനപ്പെടുത്തും.

**8.6 വിദേശസഞ്ചാരികളുടെ ശരാശരി താമസക്കാലയളവ് വർദ്ധിപ്പിക്കുക**

8.6.1 ഒരു വിദേശസഞ്ചാരിയുടെ ശരാശരി താമസക്കാലയളവ് 16 ദിവസമായി കണക്കാക്കുന്നു. ശരാശരി താമസക്കാലയളവ് 21 ദിവസമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൾട്ടി എക്സ്പീരിയൻസ് പാക്കേജും പ്രോഡക്റ്റും വികസിപ്പിക്കുന്നതിനായി ടൂറിസം വ്യവസായത്തെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**8.7 കേരളത്തെ സർവ്വകാല വിനോദസഞ്ചാര കേന്ദ്രം (all season destination) ആയി വികസിപ്പിക്കുക**

8.7.1 നമ്മുടെ വിനോദസഞ്ചാര ഉൽപ്പന്നങ്ങളെ പ്രധാന വിപണികളുമായി പൊരുത്തപ്പെടുത്തുന്നതിനായും, ഋതുഭേദ ഘടകങ്ങൾ സൂചിപ്പിക്കുന്നതിനു വേണ്ടി ടൂറിസം വകുപ്പ് ഒരു 'പ്രോഡക്റ്റ് മാർക്കറ്റ് സീസണാലിറ്റി മെട്രിക്സ്' വികസിപ്പിക്കും. ഇത് കേരളത്തെ 'സർവ്വകാല ഡെസ്റ്റിനേഷൻ' ആയി മാറുവാൻ സഹായിക്കും. ആയുർവേദം, കായലോരം, സാഹസിക വിനോദയാത്ര, MICE, മെഡിക്കൽ ടൂറിസം എന്നിവയെ പ്രത്യേക ടൂറിസം ഉൽപ്പനങ്ങളായി പ്രോത്സാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യും.

**8.8 പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രചരണം**

8.8.1 ബേക്കൽ, വയനാട് തുടങ്ങിയ പുതിയതായി ഉയർന്നു വരുന്ന വിനോദസഞ്ചാരകേന്ദ്രങ്ങൾക്കുവേണ്ടി നവീന പ്രചരണ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് ആരംഭിക്കും.

**8.9 ടൂറിസം മാർക്കറ്റിംഗിനായി ഒരു ടാസ്ക് ഫോഴ്സ്**

നവീന വിപണന നയങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി പൊതു-സ്വകാര്യമേഖലയുടെ സഹകരണം തുടർന്നുകൊണ്ടുപോകുന്നതിനായി ഒരു 'ടാസ്ക് ഫോഴ്സ് ഫോർ മാർക്കറ്റിംഗ്' രൂപവത്ക്കരിക്കും.

## 9. ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലകളിൽ മാനവ വിഭവശേഷി വർദ്ധിപ്പിക്കുക

ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലകളിൽ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഈ മേഖലകളിൽ മാനവവിഭവശേഷി (HR) യുടെ ആവശ്യകത പ്രതിവർഷം ഏകദേശം രണ്ടു ലക്ഷം ആണെങ്കിലും നിലവിലെ ലഭ്യത 12,000 മാത്രമാണ്. നമ്മുടെ സംസ്ഥാനത്തെ ടൂറിസം മേഖലയിലെ HRD യെക്കുറിച്ച് വിശദമായൊരു പഠനം നടത്തി. അതിൽ നിന്നും ട്രാവൽ-ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലകളിലുള്ള വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ച് ചില പ്രസക്തമായ നിരീക്ഷണങ്ങൾ ഉരുത്തിരിഞ്ഞു വന്നു. അതിൽ ചില നിരീക്ഷണങ്ങൾ ചുവടെ:

- ട്രാവൽ-ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലയിലെ ജോലി സാധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു.
- ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പൊതുവായൊരു നിലവാരവും ഏകീകരണവും ഐക്യവും കൊണ്ടുവരേണ്ടതുണ്ട്.
- തൃപ്തികരമല്ലാത്ത വേതനവും അധിക ശ്രമം ആവശ്യമായ തൊഴിൽ സാഹചര്യവും കാരണം ഈ മേഖലയിലേക്ക് കൂടുതൽ ആളുകൾ കടന്നു വരുന്നില്ല.

ഔപചാരികവും അനൗപചാരികവുമായ തൊഴിൽ സാധ്യതകൾ ടൂറിസം മേഖലയിൽ ഉണ്ടെങ്കിലും അനൗപചാരികമായ തൊഴിലുകൾക്കാണ് ഏറെ പ്രാധാന്യം. നിലവിൽ ഈ മേഖലയിലെ HR ആവശ്യകത പൂർത്തീകരിക്കുന്നത് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും (KITTS) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റും (SIHM) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയും (IHMCT) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും (FCI) കൂടാതെ ഒട്ടനവധി സ്വകാര്യസ്ഥാപനങ്ങളുമാണ്.

### 9.1. KITTS–നെ മാനവവിഭവ വികസനത്തിന്റെ അപെക്സ് സ്ഥാപനമായി ഉയർത്തുക

9.1.1 ടൂറിസം വകുപ്പിന്റെയും വ്യവസായത്തിന്റെയും HR ആവശ്യകത നിറവേറ്റുന്നതിനായി KITTS–നെ അപെക്സ് (Apex) സ്ഥാപനമാക്കും. വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു പുറമേ ടൂറിസം മേഖലയിലെ മാനവവിഭവശേഷിയുടെ നിലവാരം ഉയർത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ കൂടി KITTS നിർവ്വഹിക്കും.

- ലെറ്റസ് ലേൺ എന്ന പേരിൽ സേവനദാതാക്കൾക്കായി പരിശീലനവും 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും' നടത്തും. വരുന്ന 5 വർഷത്തിനുള്ളിൽ ഈ സ്കീമിൽ കുറഞ്ഞത് 25,000 ജീവനക്കാർക്കെങ്കിലും പരിശീലനം നൽകും.
- വിനോദസഞ്ചാരമേഖലയിലെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു പ്രത്യേക ഗവേഷണ വിഭാഗം തന്നെ തുടങ്ങും.

- ടൂറിസം വ്യവസായത്തിലെ HR ആവശ്യങ്ങൾ നികത്തുവാൻ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി (C-QUEST–കൗൺസിൽ ഫോർ ക്വാളിറ്റി എജ്യൂക്കേഷൻ സിസ്റ്റം ഇൻ ടൂറിസം) എന്ന പേരിൽ ഒരു പുതിയ സമിതി രൂപീകരിക്കും.
- ടൂറിസം വ്യവസായത്തിനു ഉതകുന്ന പാഠ്യപദ്ധതിയും, കോഴ്സും തയ്യാറാക്കുന്നതിന് KITTS നേതൃത്വം നൽകും. ടൂറിസം കോഴ്സ് നൽകുന്ന മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് KITTS സാങ്കേതിക സഹായങ്ങൾ നൽകും. ഇതിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളും ഉൾപ്പെടും. 'ഫാക്കൾട്ടി ഡെവലപ്മെന്റ് പ്രോഗ്രാം' - നായി സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.
- ടൂറിസം മേഖലയിലെ എല്ലാ പങ്കാളികൾ (stakeholders)-ക്കും, ശേഷി ഉയർത്തൽ (capacity building)-നും പരിശീലന പരിപാടികൾക്കുമായി KITTS ഒരു RT സ്കൂൾ ആരംഭിക്കും. ഒരു സ്കൂൾ എന്നതിലുപരി ഗവേഷകർക്കും, അദ്ധ്യാപകർക്കും, നയരൂപീകരണം നടത്തുന്നവർക്കും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഇത് ഒരു വിജ്ഞാന സ്രോതസ്സായി പ്രവർത്തിക്കും. ടൂറിസം മേഖലയിലെ വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളെയും കുറിച്ചുള്ള ബോധവത്കരണ പരിപാടികളിൽ KITTS മുഖ്യസ്ഥാനം വഹിക്കും.

### 9.2 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടൂറിസം വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏകീകരണം

9.2.1 ഇപ്പോൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടുകളും (ITI) തെരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ കോഴ്സുകൾ നൽകുന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ടൂറിസം വ്യവസായത്തിനുതകുന്ന രീതിയിലുള്ള കോഴ്സുകൾ നൽകുവാനായി പ്രേരിപ്പിക്കും.

9.2.2 ടൂറിസം കോഴ്സുകൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങൾക്കും, എയ്ഡഡ് സ്ഥാപനങ്ങൾക്കും കുടുതൽ വൈദഗ്ധ്യം ആവശ്യമുള്ള കോഴ്സുകൾ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് നൽകുന്നതിനായി പ്രോൽസാഹനം നൽകും. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര വകുപ്പുകളായ സാമൂഹികക്ഷേമ വകുപ്പ്, പട്ടിക ജാതി - പട്ടിക വിഭാഗ വകുപ്പ്, യുവജനക്ഷേമ വകുപ്പ് ഇവയിൽ നിന്നുമെല്ലാം ഫണ്ട് സ്വരൂപിക്കും.

9.2.3 ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലകളിൽ യോഗ്യരായ അദ്ധ്യാപകരുടെ അഭാവം പരിഹരിക്കുവാനായി ഈ വ്യവസായത്തിൽ അനുഭവസ്ഥരായ വ്യക്തികൾക്കു ഹ്രസ്വകാല ടീച്ചിംഗ് കോഴ്സുകൾ നൽകും.

## 10. സംസ്ഥാന വിനോദസഞ്ചാര ഉപദേശക സമിതി (STAC)

10.1 കേരളത്തെ പ്രഥമമായ വിനോദസഞ്ചാര മേഖലയായി ഉയർത്തിക്കൊണ്ടു വരുവാൻ വേണ്ടി ടൂറിസം വകുപ്പ് സംസ്ഥാന വിനോദസഞ്ചാര ഉപദേശക സമിതി രൂപീകരിക്കും. ഈ സമിതി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം, വിനോദസഞ്ചാര ഉത്പന്നങ്ങളുടെ വികസനം, വിനോദസഞ്ചാര വിപണന നയങ്ങൾ, HR, വിനോദസഞ്ചാര ഗവേഷണം എന്നീ മേഖലകളിൽ ടൂറിസം വകുപ്പിനു വേണ്ട നിർദ്ദേശങ്ങൾ നൽകും. ഈ സമിതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ടൂറിസം വ്യവസായത്തിലെ പങ്കാളികളും ടൂറിസത്തിലെ വിവിധ ടാസ്ക് ഫോഴ്സ്സിലെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അംഗങ്ങൾ ആയിരിക്കും.

ശശശശശ